**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1858** **08-10-2021 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിൽ പൗൾട്രി ക്ലബ്ബുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സ്കൂളുകളിൽ പൗൾട്രി ക്ലബ്ബുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രവർത്തനരീതി വ്യക്തമാക്കാമോ? | (എ) | സ്വയം തൊഴിൽ സംരംഭത്തിന്റെ പ്രാധാന്യം വിദ്യാർത്ഥികൾക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിനു വേണ്ടി "കുഞ്ഞു കൈകളിൽ കോഴിക്കുഞ്ഞ്" എന്ന പേരിൽ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ സ്കൂൾ പൗൾട്രി ക്ലബ്ബുകൾ നേരത്തെ തന്നെ നടപ്പാക്കി തുടങ്ങിയിട്ടുണ്ട്. 2020-21 വരെ 6 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഓരോ വിദ്യാർത്ഥിക്കും 5 കോഴി, 1 കിലോ തീറ്റ, മരുന്ന് എന്നിവ സൗജന്യമായി വിതരണം ചെയ്തിരുന്നു. ഇപ്പോൾ ഫണ്ടിന്റെ അപര്യാപ്തത മൂലം വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് മാത്രമായി നടപ്പാക്കുകയാണ്. കൂടാതെ, മൃഗസംരക്ഷണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിനത്തിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട അപ്പർ പ്രൈമറി/ ഹൈസ്കൂൾ ക്ലാസുകളിലെ വിദ്യാർത്ഥികൾ (5 മുതൽ 9-ാം ക്ലാസ്‌വരെയുള്ള വിദ്യാർത്ഥികൾക്ക്) മുഖേന കോഴിവളർത്തൽ പദ്ധതി നടപ്പിലാക്കി വരുന്നു. ഒരു സ്കൂളിലെ അമ്പതു വിദ്യാർത്ഥികളെയാണ് പദ്ധതിക്കായി തിരഞ്ഞെടുക്കുന്നത്. ഒരു വിദ്യാർത്ഥിക്ക് 46-60 ദിവസം പ്രായമായ 5 കോഴികുഞ്ഞുങ്ങൾ, തീറ്റ, മരുന്ന്, മറ്റ് ചിലവുകൾ ഉൾപ്പെടെ 650/- രൂപയുടെ സഹായം നൽകി വരുന്നു. നടപ്പ് സാമ്പത്തിക വർഷം (2021-2022) പദ്ധതിയ്ക്കായി 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സ്കൂളുകൾ തുറക്കുന്ന മുറയ്ക്ക് പദ്ധതി തുടർന്നും നടപ്പിലാക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ